**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 393** **23-02-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ റവന്യൂ കമ്മി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 16910.12 കോടി രൂപ ആയാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | റവന്യൂ കമ്മി പരിഹരിക്കാൻ ഈ സാമ്പത്തിക വർഷം കേന്ദ്രം എത്ര തുക ലഭ്യമാക്കിയിട്ടുണ്ട്; വിശദീകരിക്കാമോ; | (ബി) | വകുപ്പ് തല കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം 20.02.2022 വരെ പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി 18233.42 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്രത്തിൽ നിന്നും ഗ്രാന്റായി സംസ്ഥാനത്തിന് ലഭിച്ച തുക എന്തെല്ലാം പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്ന് അറിയിക്കാമോ; | (സി) | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായും കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റിനും റവന്യൂ കമ്മി നികത്തുന്നതിനുമാണ് വിനിയോഗിക്കുന്നത്. |
| (ഡി) | തുക വിനിയോഗത്തിന്റെ അക്കൗണ്ട് ശീർഷകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗം വിവിധ ധനാഭ്യർത്ഥനകളുടെ കീഴിലുള്ള വിവിധശീർഷകങ്ങൾ വഴിയുംധനകാര്യ കമ്മീഷൻ പ്രകാരമുള്ള റവന്യൂ കമ്മിനികത്തുന്നതിനുള്ള ഗ്രാന്റ്,സംസ്ഥാന ദുരന്ത പ്രതികരണ നിധി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്എന്നിവയുടെ ചെലവ് യഥാക്രമം വിവിധ റവന്യൂചെലവ് ശീർഷകങ്ങൾ, 2245, 3604 എന്നീ മുഖ്യ ശീർഷകങ്ങൾ വഴിയുമാണ് വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ